ഹിൽ ഹൈവേ പദ്ധതി

299 (1384) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) 2011-12 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'ഹിൽ ഹൈവേ പദ്ധതി' നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇതിനായി പ്രസ്തുത ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5 കോടി രൂപ ബജറ്റിൽ നിന്നും വിതരണം ചെയ്തിട്ടുണ്ടോ;

(സി) ഇടതുപക്ഷ 4 ബഡ്ജറ്റുകളിലും പ്രസ്തുത പദ്ധതിക്കായി തുക വകയിരുത്തിയിരുന്നോ; എങ്കിൽ എത്ര വീതം;

(ഡി) ഹിൽ ഹൈവേക്കായി ഇതിനകം എത്ര തുക ബജറ്റിൽ നിന്നും വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2011-12 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച "ഹിൽ ഹൈവേ പദ്ധതി" നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഡിസ്ട്രിക്ട് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് (DFIP)-ൽ ഉൾപ്പെടുത്തി കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഹിൽ ഹൈവേ പാക്കേജ്-1, നബാർഡ് സഹായത്തോടെ നടപ്പിലാക്കാനുള്ള നടപടികൾ പുരോഗതിയിലാണ്.

(ബി) ബാധകമല്ല.

(സി) ഇടതുപക്ഷ 4 ബഡ്ജറ്റുകളിലും പ്രസ്തുത പദ്ധതിക്കായി താഴെപ്പറയുന്ന പ്രകാരം തുക വകയിരുത്തിയിരുന്നു.

2012-13	-	ബാധകമല്ല.
2013-14	-	82.37 ലക്ഷം
2014-15	-	82.37 ലക്ഷം
2015-16	-	9.06 കോടി

(ഡി) ഹിൽ ഹൈവേക്കായി താഴെപ്പറയുന്ന പ്രകാരം തുക വിതരണം ചെയ്തിട്ടുണ്ട്.

2012-13	-	ബാധകമല്ല.
2013-14	-	6.23 കോടി
2014-15	-	8.98 കോടി
2015-16	-	7.35 കോടി

(10/2015 വരെ)

LIBRARY ARCHIVES Kerala Legislative Assembly